പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1853 — 05.02.2019-ലെ മറുപടിക്ക്

## ശാസ്താംകോട്ട സബ് ഡിപ്പോ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശാസ്താംകോട്ട സബ് ഡിപ്പോ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) യും (ബി) യും | ശാസ്താംകോട്ടയിൽ 10.06.2006-ൽ പ്രവർത്തനം ആരംഭിച്ച ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിലുണ്ട്. എന്നാൽ ഒരു സബ്ബ് ഡിപ്പോ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ, നഗരസഭയോ ഒരുക്കി തന്നാലും തുടർപ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്നാണ് കെ.എസ്.ആർ.ടി.സി കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള പുതിയ ബാദ്ധ്യതകളൊന്നും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ ശാസ്താംകോട്ടയിൽ പുതിയ സബ്ബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ശാസ്താംകോട്ട സബ് ഡിപ്പോക്കു പകരം ഓപ്പറേറ്റിങ്ങ് സെന്റർ അനുവദിക്കാം എന്ന ഉറപ്പിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | | |
| (സി) | സ്ഥലം എം.എൽ.എ. 1.5 കോടി രൂപ ഡിപ്പോയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ശാസ്താംകോട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1 കോടി രൂപയ്ക്ക് Construction of 3 bay Garage, Providing Fencing and Development of Yard by metalling and concreting എന്ന പ്രവൃത്തിയും, 50 ലക്ഷം രൂപയ്ക്ക് Construction of Bus Station building and retiring room എന്ന പ്രവൃത്തിയും ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അടിയന്തരമായി ഓപ്പറേറ്റിങ്ങ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ഡി) യും (ഇ) 'യും | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് കഴിയില്ലായെന്നതിനാൽ ഓപ്പറേറ്റിംഗ് സെന്റർ നിർമ്മിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ഇ) | ഇതുസംബന്ധിച്ച് ഗവണ്മെന്റ് തലത്തിൽ കോർപറേഷൻ അധികാരികളുൾപ്പെടെ ഒരു അടിയന്തര മീറ്റിങ് കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**